File No.PAN/2804/2021-E8(DP)

**പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ.**
**(ഹാജർ-എച്ച്.ദിനേശൻ ഐ.എ.എസ്)**

വിഷയം: – പഞ്ചായത്ത് വകുപ്പ് ജീവനക്കാര്യം – ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ സീനിയർ സൂപ്രണ്ട്/ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിലെ ഉദ്യോഗസ്ഥർക്ക് റേഷ്യോ അടിസ്ഥാനമാക്കിയുള്ള ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: –

1. സർക്കാരിൻറെ 25.03.2006 തീയതിയിലെ ജി.ഒ.(പി) 145/2006/ധന നമ്പർ ഉത്തരവ്
2. സർക്കാരിൻറെ 18.11.2010 തീയതിയിലെ ജി .ഒ.(എം.എസ്) 265/2010/തസ്വഭവ നമ്പർ ഉത്തരവ്.
3. സർക്കാരിൻറെ 26.02.2011 തീയതിയിലെ ജി .ഒ.(പി) 85/2011/ധന നമ്പർ ഉത്തരവ്
4. സർക്കാരിൻറെ 20.01.2016 തീയതിയിലെ ജി.ഒ.(പി) 7/2016/ധന നമ്പർ ഉത്തരവ്.
5. സർക്കാരിൻറെ 05.09.2011 തീയതിയിലെ ജിഒ .(എം.എസ്) 206/2011/തസ്വഭവ നമ്പർ ഉത്തരവ്.
6. പഞ്ചായത്ത് ഡയറക്ടറുടെ 24.10.2017 തീയതിയിലെ ഇ 8-12264/17(5) നമ്പർ ഉത്തരവ്.
7. പഞ്ചായത്ത് ഡയറക്ടറുടെ 02.06.2018 തീയതിയിലെ ഇ 8-14132/18 നമ്പർ ഉത്തരവ്.
8. പഞ്ചായത്ത് ഡയറക്ടറുടെ 18.01.2020 തീയതിയിലെ ഇ 8-952/20 നമ്പർ ഉത്തരവ്.
9. പഞ്ചായത്ത് ഡയറക്ടറുടെ 18.07.2020 തീയതിയിലെ ഇ 8-952/20 നമ്പർ ഉത്തരവ്.
10. പഞ്ചായത്ത് ഡയറക്ടറുടെ 22/02/2021 തീയതിയിലെ ഇ 8-2804/2021 നമ്പർ ഉത്തരവ്.
11. പഞ്ചായത്ത് ഡയറക്ടറുടെ 07/07/2021 തീയതിയിലെ ഇ 8-2804/2021 നമ്പർ ഉത്തരവ്.
12. പഞ്ചായത്ത് ഡയറക്ടറുടെ 28/04/2022 തീയതിയിലെ ഇ 8-2804/2021 നമ്പർ ഉത്തരവ്.
13. പഞ്ചായത്ത് ഡയറക്ടറുടെ 23/06/2022 തീയതിയിലെ PAN/4758/2022-E1(DP) നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ: PAN/2804/2021-E8(DP) തീയതി :14/07/2022</u>**

പരാമർശം (1) ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ടിൻറെയും സമാന തസ്തികകളുടെയും 20% തസ്തികകൾക്ക് റേഷ്യോ അടിസ്ഥാനത്തിൽ ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതും പരാമർശം (3) പ്രകാരമുള്ള ശമ്പള പരിഷ്കരണ

ഉത്തരവിൽ പ്രസ്തുത ആനുകൂല്യം 25% ആയി വർദ്ധിപ്പിച്ചിട്ടുള്ളതുമാണ്. പഞ്ചായത്ത് വകുപ്പിൽ 17.11.2010 വരെ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ പ്രൊമോഷൻ തസ്തികയായിരുന്ന സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ തസ്തികകൾ. എന്നാൽ ഈ 3 തസ്തികളുടെയും ശമ്പള നിരക്ക് സമാനമായതിനാൽ പരാമർശം (2) ഉത്തരവ് പ്രകാരം സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയും പ്രസ്തുത തസ്തികയുടെ പ്രൊമോഷൻ തസ്തികയായിരുന്ന സീനിയർ സൂപ്രണ്ട് പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ തസ്തികയും സംയോജിപ്പിച്ച് ഒറ്റ തസ്തികയാക്കുകയും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി/ സീനിയർസൂപ്രണ്ട്/ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ എന്ന് പുനർനാമകരണം ചെയ്യുകയും ഉണ്ടായി. തുടർന്ന് പരാമർശം (3) ഉത്തരവ് പ്രകാരം പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി എന്നീ തസ്തികകൾ ഏകീകരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്ന് പുനർനാമകരണം ചെയ്യുകയും ആയതിൻറെ അടിസ്ഥാനത്തിൽ മുകളിൽ പരാമർശിച്ച തസ്തികയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ സീനിയർ സൂപ്രണ്ട്/ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതുമാണ്. ആയതിനെ തുടർന്ന് പരാമർശം (7) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലെ ക്രമനമ്പർ (1142) വരെ ഉൾപ്പെട്ടവർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ സീനിയർസൂപ്രണ്ട്/ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിൽ റേഷ്യോ അടിസ്ഥാനമാക്കിയുള്ള ഹയർ ഗ്രേഡ് അർഹമായ തീയതിയിൽ അനുവദിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

23.12.2021ൽ ചേർന്ന ലോവർ ഡി.പി.സി അജണ്ട 3 പ്രകാരം പരാമർശം (7) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലെ ക്രമ നമ്പർ 1349 ആയിരുന്ന ശ്രീ മിഥുൻ കൈലാസ് 2014 ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ടിയാനെ പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 1048 സുനിൽകുമാർ.ജി-ക്കും ക്രമനമ്പർ 1049 ഷൈജു വർഗ്ഗീസിനുമിടയിൽ ക്രമ നമ്പർ 1048 എ ആയി ഉൾപ്പെടുത്തിക്കൊണ്ട് പരാമർശം (13) പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ 23.12.2021 ന് ശേഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി / സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ഓഡിറ്റ് സൂപ്പർ വൈസർ തസ്തികയിൽ റേഷ്യോ പ്രൊമോഷനുള്ള ആദ്യത്തെ ഒഴിവിലേക്ക് ശ്രീ മിഥുൻ കൈലാസിനെ പരിഗണിക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (7) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലുൾപ്പെട്ട് നാളിതുവരെ റേഷ്യോ പ്രൊമോഷൻ അനുവദിക്കപ്പെട്ടതിനെ തുടർന്നുള്ള അർഹരായ ഉദ്യോഗസ്ഥർക്ക് ചുവടെ ചേർത്തിട്ടുള്ള പട്ടികയിലെ അവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ സീനിയർ സൂപ്രണ്ട്/ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിൽ 56500-118100 ശമ്പളനിരക്കിൽ റേഷ്യോ അടിസ്ഥാനമാക്കിയുള്ള ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

| Sl. No. | Seniority No. in the cadre of SEC/ PAS/ SS | Name & Designation with present station | Date of Birth | Date of Promotion in the cadre of SEC/PAS/ SS | Date of Ratio Promotion | Scale of pay | Remarks |
|---|---|---|---|---|---|---|---|
| [1] | [2] | [3] | [4] | [5] | [6] | [7] | [8] |
| 1 | 1048 A | Midhun Kailas Bellur GP Kasargod | 10.02.1986 | 31.05.2014 | 01.03.2022 | 56500-118100 | Retirement of Sl No 139, C Muraleedaran |
| 2 | 1143 | Rajesh D Kallikkad GP Thiruvananthapuram (On deputation) | 31.05.1984 | 16.07.2015 | 07.04.2022 | 56500-118100 | Decease of Sl No 1112, Joy John |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 1144 | Sreelekha L.H Manamboor GP Thiruvananthapuram | 14.05.1971 | 16.07.2015 | 01.05.2022 | 56500-118100 | Retirement of Sl No 510, Jacob George |
| 4 | 1145 | Tiji Thomas Moonniyoor GP Malappuram | 15.05.1973 | 16.07.2015 | 01.06.2022 | 56500-118100 | Retirement of Sl No 117, Sanal Dutt R |
| 5 | 1146 | Ansar K Keezhariyur GP Kozhikkode | 03.02.1982 | 16.07.2015 | 01.06.2022 | 56500-118100 | Retirement of Sl No 168, S Latha Kumari |
| 6 | 1148 | Seema K West Kallada GP Kollam | 30.05.1979 | 16.07.2015 | 01.06.2022 | 56500-118100 | Retirement of Sl No 182, Prakasan AV |
| 7 | 1149 | Rajesh S.S Kadakkavoor GP Thiruvananthapuram | 26.02.1980 | 16.07.2015 | 01.06.2022 | 56500-118100 | Retirement of Sl No 728, G Sreekumar |
| 8 | 1150 | Babu OA Perungottukurissi GP Palakkad | 28.01.1974 | 16.07.2015 | 01.06.2023 | 56500-118100 | Retirement of Sl No 965, Anitha M Thomas |

റേഷ്യോ അടിസ്ഥാനത്തിലുള്ള ഹയർ ഗ്രേഡ് പ്രാബല്യ തീയതിയിൽ സസ്പെൻഷൻ , അനധികൃത ഹാജരില്ലായ്മ, മെഡിക്കൽ ഗ്രൗണ്ടിൽ അല്ലാത്ത ശൂന്യവേതനാവധി എന്നിവയിൽ തുടരുന്ന ജീവനക്കാർക്ക് മേൽപറഞ്ഞവയ്ക്കു ശേഷം ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ ശമ്പളം പുനർനിർണ്ണയിക്കേണ്ടതാണ്.

ഈ ഉത്തരവുപ്രകാരം ഹയർഗ്രേഡ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗസ്ഥരുടെ ശമ്പളം പുനർനിർണ്ണയിച്ച് ആവശ്യമുള്ള പക്ഷം സംസ്ഥാന ഓഡിറ്റ് വകുപ്പ്/ അക്കൗണ്ടൻറ് ജനറൽ എന്നിവരുടെ അംഗീകാരത്തിനു വിധേയമായി ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ടി വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനപുസ്തകത്തിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

**എച്ച് ദിനേശൻ ഐ.എ.എസ്**
**പഞ്ചായത്ത് ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്:</u>

1. അക്കൗണ്ടൻറ് ജനറൽ, കേരള, തിരുവനന്തപുരം/തൃശ്ശൂർ (ആമുഖ കത്ത് സഹിതം)
2. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
3. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

4 ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക്
5. ഐ.കെ.എം.ഡയറക്ടർ,(പ്രസിദ്ധീകരണത്തിന്)
6 കരുതൽ / അധികം

Signature Not Verified

Digitally signed by DINESHAN H
Date: 2022.07.14 12:54:05 IST
Reason: Approved